കേരള സർക്കാർ

# കേരളാസംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## തലവടി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി11/1333/16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം.
ആലപ്പുഴ.
തീയതി.26.11.2016.
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

തലവടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:-തലവടി ഗ്രാമ പഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലവടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എൽ.പി.പി-11/1333/2016 തീയതി:-26.11.2016

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.07.2016മുതൽ 31.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട പരാമർശങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലീം,<br>ഡെപ്യൂട്ടിഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ |
| 3.11.16മുതൽ15.11.16വരെ | ശ്രീ.കെ. എം. പ്രശോഭൻ,<br>അസി. ഓഡിറ്റ്ഓഫീസർ |

| | |
|---|---|
| | |
| | ശ്രീമതി.ദീപാ.കെ. ഗോപാൽ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രാജി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.സുഷമ സുധാകരൻ | 1.4.15മുതൽ 31.10.15.വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.15 മുതൽ 18.11.15 വരെ |
| ശ്രീ.ജനുബ് പുഷ്കരൻ | 19.11.15 മുതൽ 31.3.16 വരെ |

2.സെക്രട്ടറി

| | |
|---|---|
| ശ്രീ.വി.വി.ബോബൻ | 1.4.15മുതൽ 28.7.15.വരെ<br>(പൂർവ്വാഹ്നം വരെ) |
| ശ്രീ.കെ.നാരായണൻ നായർ | 28.7.15 മുതൽ 2.8.15 വരെ<br>24.8.15 മുതൽ 31.3.16 വരെ |
| ശ്രീ.എം.ഷാജഹാൻ | 3.8.15 മുതൽ 23.8.15 വരെ<br>(അസി.സെക്രട്ടറി ചാർജ്) |

3)നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ. | ശ്രീമതി.മിനി.എം. പിള്ള | 1.4.15മുതൽ 26.7.15.വരെ |
| | | ശ്രീമതി.ആശ ശങ്കർ | 27.7.15 മുതൽ 31.3.16 വരെ |
| 2 | അസി.എഞ്ചിനീയർ | ശ്രീമതി. ഓമന.ആർ | 1.4.15 മുതൽ 31.3.16 വരെ |
| 3 | വി.ഇ.ഒ | ശ്രീ.അജിത്ത് കുമാർ | 1.4.15 മുതൽ 29.2.16 വരെ |
| | | ശ്രീ.അബ്ദുൾ സലാം | 1.3.16 മുതൽ 31.3.16 വരെ |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രശ്മി രാമകൃഷ്ണൻ | 1.4.15മുതൽ 30.8.15വരെ |
| | | ഡോ.ഗോപകുമാർ | 30.8.15അപരാഹ്നം മുതൽ 3.12.15 വരെ |
| | | ഡോ.പ്രമീളാ.പി.പിള്ള | 4.12.15 മുതൽ 31.3.16വരെ |
| 5 | മെഡിയ്ക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.എലിശ്വാ. കെ.എഫ്. | 1.4.15മുതൽ 7.10.15വരെ<br>19.11.15മുതൽ 31.3.16വരെ |

| | | | |
|---|---|---|---|
| | | | |
| | | ഡോ.വിനോദ്.കെ. | 8.10.15 മുതൽ 18.11.15വരെ |
| 6 | മെഡിയ്ക്കൽ ഓഫീസർ (ആരോഗ്യം | ഡോ.സിനി.സി. ജോസഫ്. | 1.4.15മുതൽ 31.3.16വരെ |
| 7 | ഹെഡ് മിസ്ട്രസ്. | ശ്രീമതി.പി.കെ.സുജാത. | 1.4.15മുതൽ 31.3.16.വരെ |
| 8 | ഐ.സി.ഡി. എസ്.സൂപ്പർ വൈസർ. | ശ്രീമതി.മേഴ്സി. | 1.4.15മുതൽ 14.7.15.വരെ |
| | | ശ്രീമതി.റംലാബീവി. | 15.7.15മുതൽ 23.12.2015വരെ. |
| | | ശ്രീമതി.നിള.എം | 23.12.15A.Nമുതൽ 31.3.16.വരെ |
| 9 | വെറ്ററിനറി സർജൻ | ഡോ.ബിനി. വി.ആർ. | 1.4.15മുതൽ 31.3.16വരെ |
| 10 | അസി.സെക്രട്ടറി. | ശ്രീ.എം.ഷാജഹാൻ | 1.4.15മുതൽ 31.8.15വരെ |
| | | ശ്രീ.അൻവർറഹ്മാൻ | 1.9.2015മുതൽ 31.3.2016 വരെ. |
| 11 | ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സലീമാബീവി. | 1.4.15 മുതൽ 31.3.16 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| | ഭാഗം 2 | |
| 12 | വ്യാപാര ആവശ്യത്തിനുള്ള കെട്ടിടത്തിന് പാർപ്പിടാ വശ്യത്തിന് ആനുപാതികമായി വസ്തു നികുതി നിർണ്ണയിച്ചു | 2-1 |
| 13 | തൊഴിൽ നികുതി:- ഡി.സി.ബി സ്റ്റേറ്റ്മെന്റിന് കൃത്യതയില്ല | 2-2 |
| | ഭാഗം 3 | |
| 14 | പുതിയ തുറന്ന കിണർ - ഓവർസിയറുടെ വാല്യൂവേഷനിൽ അധികമായി സബ്സിഡി നൽകി | 3-1 |
| 15 | അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ | 3-2 |
| 16 | ഉത്പാദന ബോണസ് - അനുവദിച്ച തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല | 3-3 |
| 17 | പാലിയേറ്റീവ് കെയർ പദ്ധതിയിൽ നൽകിയ തുകയുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല | 3-4 |
| 18 | എസ്.എസ്.എ വിഹിതം ഒടുക്കൽ - വിനിയോഗ | 3-5 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ഹാജരാക്കിയില്ല | |
| | ഭാഗം 4 | |
| 19 | വാർഷിക ധനകാര്യപത്രിക പരിശോധന – അപാകതകൾ | 4-1 |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 23 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 25 | ഓഡിറ്റ് റിക്കവറി | 4-7 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 31.3.2015 ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 1.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -21303482

വരവ് -26013195

ആകെ -47316677

ചെലവ് -33239538

നീക്കിയിരിപ്പ്-14077139

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 875271 | 12225177 | 13100448 | 7112501 | 5987947 | 68.8% |
| വികസനഫണ്ട് എസ്.സി.പി. | 1370838 | 3219000 | 4589838 | 1290040 | 3299798 | 28.17% |
| വികസനഫണ്ട് ടി.എസ്.പി. | - | 26000 | 26000 | 26000 | - | 100% |
| സംരക്ഷണ | 160628 | 3959000 | 4119628 | 2999105 | 1120523 | 72.8% |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് റോഡ് | | | | | | |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 648136 | 2503000 | 3151136 | 1656827 | 1494309 | 45.4% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1017688 | 3679084 | 4696772 | 4093212 | 603560 | 71.9% |
| പെർഫോമൻസ് ഗ്രാന്റ് | 2573000 | - | 2573000 | 2297722 | 275278 | 89.3% |
| എ.എൻ.ആർ. . ഇ.ജി.എസ്. | - | 18117149 | 18117149 | 18083036 | 34113 | 99.81% |
| ബി ഫണ്ട് | | 11399980 | 11399980 | 11399980 | | 100% |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളു ടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 32579083 | 160 | 21776175 | 4 | 55 | 73% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. പ്രൊജക്റ്റ് നം .5 / 16 പട്ടികജാതി വിഭാഗം യുവതി യുവാക്കൻമാർക്ക് വിദേശത്തു ജോലിക്ക് പോകുന്നതിനുള്ള ധനസഹായം -125000/ -
2. പ്രൊജക്റ്റ് നം .14 / 16 വാർഡ് 2ൽ പൊതുടാപ്പുകൾ സ്ഥാപിക്കൽ -20000/ -
3. പ്രൊജക്റ്റ് നം .16 / 16 വാർഡ് 15ൽ കോട്ടവിരുത്തുപടിചിറയിൽ തുണ്ടിപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ
4. .പ്രൊജക്റ്റ് നം .32 / 16 വാർഡ് 2 ൽ നൂറുപറപ്പടി മടക്കൽ പടി കടവുകൾ പുനരുദ്ധാരണം 190603

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4101432 | 3092865 | (-)1008567 | 25%(-) |
| നികുതിയേതര വരവുകൾ | 578092 | 262823 | (-) 315269 | 55%(-) |
| മറ്റുവരവുകൾ | 421187 | 450843 | (+) 29656 | 7%(+) |
| ആകെ | 5100711 | 3806531 | 1294180 (-) | 25%(-) |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69480 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 5436600 | 1209 |
| വിധവാ പെൻഷൻ | 3208000 | 510 |
| വാർദ്ധക്യകാലപെൻഷൻ | 1191600 | 671 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1190700 | 213 |
| അവിവാഹിത പെൻഷൻ | 153600 | 25 |
| വിവാഹധനസഹായം. | 150000 | 5 |
| ആകെ | 11399980 | |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2016 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 993രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ജി.ഒ.(എം.എസ്) 123/2009 തീയതി 2.7.2009 ഉത്തരവ് പ്രകാരം തുടങ്ങിയ ഫ്രണ്ട്ഓഫീസ് സംവിധാനം ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓഫീസ് ഉത്തരവ് പ്രകാരം സെക്രട്ടറി സെക്ഷനുകൾക്ക് ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ട്. തനത് വരുമാന ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമാക്കി സൂക്ഷിയ്ക്കുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കാത്തതിനാൽ കിട്ടാനുള്ളവ യഥാസമയം പിരിച്ചെടുക്കാൻ കഴിയാതെ വരും. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വാർഡ് തിരിച്ച ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.16 | സെപ്റ്റംബർ 2016 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.7.04 മുതൽ 20.7.04 വരെ | 1997-98<br>-----<br>2003-04 | LBA(HQ)/1V/8A – 704/<br>09-10 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വ്യാപാര ആവശ്യത്തിനുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ചു.

ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം II/38)ം നമ്പർ കെട്ടിടം വ്യാപാര ആവശ്യത്തിനായാണ് ഉപയോഗിക്കുന്നത്. എന്നാൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ടി കെട്ടിടം പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 6 രൂപയും വ്യാപാര ആവശ്യത്തിനുള്ളവയ്ക്ക് 40രൂപയുമാണ് നികുതി ചുമത്തിയിട്ടുള്ളത്.

നികുതി നിർണ്ണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.-4നുള്ള മറുപടിയിൽ അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ച് വിശദാംശം നൽകേണ്ടതാണ്.

## 2-2 തൊഴിൽനികുതി:-ഡി.സി.ബി സ്റ്റേറ്റ്മെന്റിന് കൃത്യതയില്ല.

എ)-തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ബിവറേജസ് കോർപ്പറേഷൻ, തലവടി എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയായി 10000/-രൂപ (രസീത് നം.1150110741/21.10.15) ഒന്നാം അർദ്ധവർഷം ഈടാക്കിയിട്ടുണ്ട്. ആയതിനാൽ, ഈ ഇനത്തിൽ 10000/-രൂപയുടെ എങ്കിലും നഷ്ടം സ്ഥാപനത്തിനുണ്ടായിട്ടുണ്ട്. കൂടാതെ, ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ കുടിശ്ശികയായി ഈ തുക ഉൾപ്പെടുത്തിയിട്ടുമില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.4നുള്ള മറുപടിയിൽ തുക ഈടാക്കുന്നതിന് സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുമ്പോൾ ലഭിയ്ക്കാനുള്ള തുകകളുടെ വിവരം കൃത്യമായി ചേർക്കേണ്ടതും ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്. അല്ലായെങ്കിൽ

നഷ്ടസംഖ്യ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായിത്തീരുന്നതാണ്.

ബി). അൺ എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പേര് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല:-

ഫയൽ പരിശോധിച്ചതിൽ അൺ എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളായ മാർത്തോമ എം.റ്റി.എസ്.സ്കൂൾ,സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വേദവ്യാസാ സ്കൂൾ, തലവടി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാനായി നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളുടെ പേരുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി യിട്ടില്ല (ഓഡിറ്റ് അന്വേഷണം നം-4).

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പേര് വിവരം ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പുതിയ തുറന്ന കിണർ - ഓവർസിയറുടെ വാല്യൂവേഷനിൽ അധികമായി സബ്സിഡി നൽകി

പ്രോജക്ട് നമ്പർ S0008/16

അടങ്കൽ - 131780,വികസനഫണ്ട്

നിർവ്വഹണം -അസി. സെക്രട്ടറി

പട്ടികജാതിയിൽ ഉൾപ്പെട്ടവർക്ക് കുടിവെള്ള കിണർനിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. ജി.ഒ.(എം.എസ്.)362/13ത.സ്വ.ഭ.വ. തീ.16.11.13 നമ്പർ സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം തീരപ്രദേശത്ത് കിണർ നിർമ്മാണത്തിന് അനുവദിക്കാവുന്ന സബ്സിഡി 12000/- രൂപയോ വാല്യുവേഷന്റെ 75%മോ ഏതാണോ കുറവ് ആ തുകയാണ്. എന്നാൽ പ്രോജക്ടിലുൾപ്പെടുത്തി ധനസഹായം നൽകിയ ചുവടെ ചേർത്തിരിക്കുന്നവർക്ക് ഓവർസിയറുടെ വാല്യൂവേഷനിൽ അധികരിച്ച് സബ്സിഡി നൽകി. വാല്യൂവേഷനിൽ അധികരിച്ച് ധനസഹായം നൽകിയത് വഴി 9970/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു. അപാകത സംബന്ധിച്ച് 5/9.11.16 നമ്പരായി നൽകിയ എൻക്വയറിക്ക് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇപ്പോൾ തൃശ്ശൂർ ജില്ലയിൽ ജോലി ചെയ്യുന്നതിനാൽ എൻക്വയറി സംബന്ധിച്ച് വിശദീകരണം പിന്നീട് ലഭ്യമാക്കുന്നതാണെന്നാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാല്യുവേഷൻ പ്രകാരമുള്ള തുക | നൽകാവുന്ന തുക വാല്യുവേഷന്റെ 75% | നൽകിയത് | അധികം | ബിൽ നമ്പർ, |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | ജാതവേദൻ, പുല്ലൻവേലിൽ, വാർഡ് 4 | 13315 | 9986 | 11980 | 1994 | 6-15/16 തീ. 29.2.16 |
| 2. | ഉണ്ണികൃഷ്ണൻ.പി., പാലത്തിങ്കൽ പുതുവേൽ, തലവടി (s),വാർഡ് 8 | 13315 | 9986 | 11980 | 1994 | 10-15/16 തീ.16.3.16 |
| 3. | ഓമന രാജപ്പൻ, ചിറയിൽ വീട്, തലവടി(s)വാർഡ് 9 | 13315 | 9986 | 11980 | 1994 | 15-15/16 തീ.28.3.16 |
| 4. | ഷാബു,ചിറയിത്തറ, വാർഡ് 10 | 13315 | 9986 | 11980 | 1994 | 19-15/16 തീ.31.3.16 |
| 5. | ശാരദ രാജു, കുന്നംപള്ളിൽ, തലവടി, | 13315 | 9986 | 11980 | 1994 | 19-15/16 തീ.31.3.16 |
| | ആകെ | | | | 9970/- | |

അധികമായി നൽകിയ 9970/- രൂപ തിരിച്ച് പിടിക്കേണ്ടതാണ്.

## 3-2 അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നമ്പർ -S0007/15

അടങ്കൽ- 100000/-(വികസനഫണ്ട്)

നിർവ്വഹണം -പ്രധാനാദ്ധ്യാപിക

ചെലവ് -ബിൽ നമ്പർ 1/15-16 തീ.26.8.15 – 39000/-

ബിൽ നമ്പർ 5/15-16 തീ.31.3.15 – 61000/-

പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ടിലുൾപ്പെടുത്തി കണ്ണടവിതരണം -മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്ടിന്റെ ഭാഗമായി 50 പഠിതാക്കൾക്ക് കണ്ണട നൽകിയതിന്റെ വിലയായി 10000/- രൂപ സെന്റ് മേരീസ് ഓപ്റ്റിക്കൽസ് തിരുവല്ലയ്ക്ക് നൽകിയിട്ടുണ്ട് (ഡി.ഡി.നമ്പർ.453948/ 31.3.2016)അതുല്യം പ്രോജക്ട് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ മാർഗ്ഗരേഖയിലെ സാമ്പത്തിക വിശകലനത്തിൽ ഇത്തരം പദ്ധതിക്ക് തുക ചെലവഴിക്കാൻ അനുവാദമില്ല. അതുല്യം പ്രോജക്ടിന്റെ കരട് മാർഗ്ഗരേഖയിലെ പദ്ധതി പ്രവർത്തനങ്ങളെ

സംബന്ധിച്ചുള്ള നിർദ്ദേശങ്ങളിൽ ജില്ലാ അന്ധതാ നിവാരണ സമിതിയുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാനും വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് സൗജന്യ കണ്ണട വിതരണം നടത്തുന്നതിനുമാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി കണ്ണട വിതരണം നടത്തിയതിന്റെ തുക വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

2.തീവ്രപരിശീലനം നടത്തിയതിന്റെ ചെലവ് രേഖയായി ഫ്ലക്സ് പ്രിന്റ് ചെയ്തതിന് 500/- രൂപയും നോട്ട് ബുക്കുകൾ വാങ്ങിയതിന് 400/-രൂപയും 14.5.16,15.5.16,16.5.16 എന്നീ ദിവസങ്ങളിലെ തീവ്രപരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് ചായ, ലഘുഭക്ഷണം, ഊണ് എന്നിവ നൽകിയതിന്റെ ചെലവായി 4100/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 16.5.16ൽ മാത്രമാണ് തീവ്രപരിശീലന പരിപാടി നടന്നിട്ടുള്ളത്. പരിശീലന പരിപാടി നടക്കാത്ത ദിവസങ്ങളിൽ ചായ, ലഘുഭക്ഷണം, ഊണ് എന്നിവ നൽകിയതായി രേഖപ്പെടുത്തി 2700/- ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.ഓണറേറിയവും ടി.എ.യും ഒരേ സമയം കൈപ്പറ്റി

അതുല്യം പ്രോജക്ട് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ കൈപ്പുസ്തകത്തിലെ മാർഗ്ഗരേഖയിലെ സാമ്പത്തിക വിശകലനത്തിൽ ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം/യാത്രാചെലവ് /1മാസത്തേക്ക് 1000രൂപ നിരക്കിൽ നൽകാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അതുല്യം കോ-ഓർഡിനേറ്ററായ ശ്രീമതി.സുശീല രാജു,സൂസന്നാമ്മ എന്നിവർ ഓണറേറിയവും ടി.എ.യും ഒരേ സമയം കൈപ്പറ്റുകയുണ്ടായി. ഇവർ ഓണറേറിയം ആയി 3000/- രൂപ വീതവും (ഡി.ഡി. നമ്പർ 452649/29.8.16,ഡി.ഡി.നമ്പർ.452369/29.8.16) ടി.എ.ആയി 1500/- രൂപ വീതവും കൈപ്പറ്റുകയുണ്ടായി. ഓണറേറിയവും ടി.എ.യും ഒരേ സമയം അനുവദിക്കാൻ അനുമതി ഇല്ലാത്തതിനാൽ ടി.എ.ഇനത്തിൽ നൽകിയ 3000 രൂപ അനുവദിക്കുന്നില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

4. ബിൽ നമ്പർ 5/15-16 തീ.31.3.15 പ്രകാരം പിൻവലിച്ച 61000 രൂപയിൽ 2101 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 2101 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഉത്പാദന ബോണസ്-അനുവദിച്ച തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

2013-14 വർഷത്തെ നെൽകൃഷിയുടെ അടിസ്ഥാനത്തിൽ 2015-16വർഷം ഉത്പാദന ബോണസ് ആയി 7,72,000/-രൂപ (ബിൽ നം.1/15-16 തീയതി 15.12.2015) പിൻവലിച്ച്, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകി. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനായി ഫെഡറൽ ബാങ്ക്, തലവടി ശാഖയിലാണ് തുക നിക്ഷേപിച്ചത്. ഫയൽ പരിശോധിച്ചതിൽ 1,13,100/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്തതിന്റെ വിവരം റിട്ടേൺ സ്റ്റേറ്റ്മെന്റായി ബാങ്കിൽ നിന്നും നൽകിയിട്ടുണ്ട്. അക്കൌണ്ട് നം, ഐ.എഫ്.എസ്.സി കോഡ് തുടങ്ങിയവയിലെ അപാകതകൾ കാരണമാണ് തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാൻ കഴിയാത്തത് എന്നാണ് റിട്ടേൺ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരുന്നത്. അപാകത പരിഹരിച്ച് തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്അന്വേഷണം നം.3 ന് മറുപടി നൽകിയില്ല.

ഉത്പാദനബോണസ് ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാൻ കഴിഞ്ഞില്ല എങ്കിൽ, പിൻവലിച്ച തുക തിരിച്ചടച്ച് വിവരം നൽകേണ്ടതാണ്. റിട്ടേൺ സ്റ്റേറ്റ്മെന്റ്

ലഭിച്ചിട്ടും യഥാസമയം ആവശ്യമായ നടപടി സ്വീകരിയ്ക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കും വരെ വിതരണം ചെയ്യാതെ അവശേഷിയ്ക്കുന്ന 1,13,100/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പാലിയേറ്റീവ് കെയർ പദ്ധതിയിൽ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങലിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും കെ.എം.എസ്.സി.എൽന് പിൻവലിച്ച് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എ).45,000/-(ചെക്ക് നം.453843/28.03.16).

ബി).35,000/-(ചെക്ക് നം.453842/28.03.16).

സി).15,000/-(ചെക്ക് നം.453844/28.03.16).

ഫയൽ പരിശോധിച്ചതിൽ 49093/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭിയ്ക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചതിന്റെ വിശദാംശവും നൽകിയില്ല. (ഓഡിറ്റ് അന്വേഷണം നം.2) അവശരായ രോഗികളുടെ അടിയന്തിര പരിചരണം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയിൽ മരുന്നുകളുടെ ലഭ്യതയ്ക്ക് കാലതാമസമുണ്ടായാൽ അർഹനായ വ്യക്തിയ്ക്ക് യഥാസമയം മരുന്ന് എത്തിയ്ക്കാൻ കഴിയാതെ വരുകയും ആവശ്യപ്പെടുന്ന മരുന്നുകൾ ലഭിയ്ക്കുമ്പോഴേയ്ക്കും ആ രോഗി മരിയ്ക്കുന്ന സാഹചര്യവും ഉണ്ടായേക്കാം.

കെ.എം.എസ്.സി.എൽ മരുന്നുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതിനാൽ, പാലിയേറ്റീവ് കെയർ പദ്ധതിയിലെ മരുന്നുകൾ നീതിസ്റ്റോർ വഴി ലഭിക്കാനുള്ള നടപടി നിർവ്വഹണ ഉദ്യോഗസ്ഥന് സ്വീകരിയ്ക്കാവുന്നതാണ്. മരുന്നുകൾ ലഭിയ്ക്കാത്ത സാഹചര്യത്തിൽ 45907/-(95,000-49093) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 എസ്.എസ്.എ. വിഹിതം ഒടുക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രധാനാദ്ധ്യാപിക നിർവ്വഹണം നടത്തിയ എസ്.എസ്.എ. വിഹിതം ഒടുക്കൽ എന്ന പ്രോജക്ടിനായി 400000/- രൂപ (പ്രോജക്ട് നമ്പർ s0073/16,ബിൽ നമ്പർ 2-15/16 തീ.22.9.16 -200000/-,ബിൽ നമ്പർ 3-15/16 തീ.22.9.16 -200000/-) ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധന - അപാകതകൾ

1.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.തൊഴിൽനികുതി,ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്. | 2015-16 | 141000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 141000 | - |
| | | 179850<br>+143495<br>(OB) | അനുപൂരക പോഷകാഹാരം | 185584 | 137761 |
| | | 100000 | പാലിയേറ്റീവ് കെയർ | 1,00,000. | - |
| ജില്ലാ പഞ്ചായത്ത് | 2015-16 | 74400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 74400 | - |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 26013195 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33239538 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 12970/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 571108/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 9970/- | അൻവർ റഹ്മാൻ,അസി.സെക്രട്ടറി. |
| 3-2 (3) | | 3000/- | പി.കെ.സുജാത.,<br>പ്രധാനാദ്ധ്യാപിക,.ജി.യു.പി.എസ്.തലവടി. |

| | | | |
|---|---|---|---|
| ആകെ | | 12970/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | 10000 | പി.കെ.സുജാത.,<br>പ്രധാനാദ്ധ്യാപിക, |
| 3-2(4) | 2101 | പി.കെ.സുജാത.,<br>പ്രധാനാദ്ധ്യാപിക, |
| 3-3 | 113100/- | ആശാശങ്കർ, കൃഷി ഓഫീസർ. |
| 3-4 | 45907/- | ഡോ.സിനി.സി.ജോസഫ്.<br>എം.ഒ,(പി.എച്ച്.സി) |
| 3-5 | 4,00,000/- | പി.കെ.സുജാത, പ്രധാനാദ്ധ്യാപിക |
| ആകെ. | 571108/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അൻവർ റഹ്മാൻ, അസി.സെക്രട്ടറി | അസി.സെക്രട്ടറി,കടവല്ലൂർ ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ. | അറയ്ക്കൽമടപ്പിൽ കക്കാട്, വണ്ടാനം.പി.ഒ. |
| ശ്രീമതി.പി.കെ.സുജാത, പ്രധാനാദ്ധ്യാപിക യു.പി.എസ്. | പ്രധാനാദ്ധ്യാപിക, ഗവ.മോഡൽ യു.പി.എസ്.തലവടി. | കിണറ്റുകര വീട്. കുന്നത്തുകര പി.ഒ. ഓതറ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97, 1997-98 | എൽ.എഫ്.ജി.എ5/1832/11/31.1.12 |
| 2000-01 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 2003-04 | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2005-06, 2006-07, 2007-08, 2008-09, 2009-10, 2010-11 | എൽ.എഫ്.ജി.എ5/1832/11/25.1.12 |

| | |
|---|---|
| | |
| 2011-12,<br>12-13 | എൽ.എഫ്.എ.പി. 1/755/2014/30.7.14/4.10.14 |
| 2013-14 | കെ.എസ്.എ /എ.എൽ.പി/-പി1-214/16 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/-പി11-827/16 തീയതി 29.7.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

നം. കെ.എസ്.എ-എ.എൽ.പി/പി11/1333/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി. 26.11.2016.

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലവടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ.

No. KSA-ALP/P11/1333/16

Kerala State Audit Department,
District Audit Office, Alappuzha.
Date: 26.11.2016.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Thlavady Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Thlavady Gramapanchayat for the year 2015-16 except the observations in my audit report para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha.